LIBRARY ARCHIVES Kerala Legislative Assembly

പഴയ നടക്കാവ് റോഡ്

59 (3618) ശ്രീ. ഡി. സുഗതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അമ്പലപ്പുഴ നിയോജകമണ്ഡലത്തിൽ നാഷണൽ ഹൈവേയ്ക്ക് സമാന്തരമായി കിഴക്ക് ഭാഗത്തുകൂടി കടന്നുപോകുന്ന പഴയ നടക്കാവ് റോഡ് പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കണമെന്നാവശ്യപ്പെടുന്ന നിവേദനം സർക്കാരിന് ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതുസംബന്ധിച്ച് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) ഇതു സംബന്ധിച്ചുള്ള ഗ്രാമപഞ്ചായത്തു കമ്മിറ്റിയുടെ തീരുമാനം പരിശോധിച്ചു വരുന്നു.

കഞ്ഞിപ്പാടം-പുല്ലങ്ങാടി റോഡ്

60 (3619) ശ്രീ. ഡി. സുഗതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അമ്പലപ്പുഴ നിയോജകമണ്ഡലത്തിലെ നെടുമുടി പഞ്ചായത്തിന് കുറുകെയുള്ള കഞ്ഞിപ്പാടം-പുല്ലങ്ങാടി റോഡ് പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള നിവേദനം ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതുസംബന്ധിച്ച് എന്തു തീരുമാനം കൈക്കൊണ്ടു എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ&ബി) ഇതുസംബന്ധിച്ച് ലഭിച്ച ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനം പരിശോധിച്ചു വരുന്നു.

കായലോട്ട് താഴെ പുഴയ്ക്ക് പാലം പണിയാൻ നടപടി

61 (3620) ശ്രീ. ബിനോയ് വിശ്വം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാദാപുരം-പെരിങ്ങളം നിയോജകമണ്ഡലങ്ങളെ ബന്ധിപ്പിക്കുന്ന കായലോട്ട് താഴെ പുഴയ്ക്ക് പാലം പണിയാനുള്ള അപേക്ഷ സർക്കാരിന്റെ പരിഗണനയിലുണ്ടോ ; ഉണ്ടെങ്കിൽ എന്നാണ് അപേക്ഷ ലഭിച്ചിട്ടുള്ളത് ;

(ബി) പാലം പണിയാൻ തയ്യാറായിട്ടുള്ള എസ്റ്റിമേറ്റ് എന്ത് തുകയ്ക്കുള്ളതാണെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പാലം പണിയുന്നത് സംബന്ധിച്ച് ഇതുവരെ സ്വീകരിച്ചിരിക്കുന്ന നടപടി ക്രമങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ ?